(ഇ) ആ വകുപ്പ് സ്മാരകം പണി നടത്തുന്നതിൽ തടസ്സം ഉന്നയിച്ചിട്ടുണ്ടോ;

(എഫ്)എങ്കിൽ ഇനി ഏതു വകുപ്പിനെയാണ് സ്മാരക നിർമ്മാണം ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ജി) കുഞ്ഞാലിമരയ്ക്കാർ സ്മാരകം പണി ഉടനെ തുടങ്ങുമോ?

ഉത്തരം

(എ),(ബി),(സി),(ഡി),(ഇ),(എഫ്)&(ജി) കുഞ്ഞാലിമരയ്ക്കാരുടെ ഭവനം ഒരു സംരക്ഷിത സ്മാരകമായി പുരാവസ്തുവകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്. കുഞ്ഞാലി മരയ്ക്കാർക്ക് പുതിയതായി ഒരു സ്മാരകം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നില്ല.

43 (1148) കുഞ്ഞാലിമരയ്ക്കാർ സ്മാരകം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി കുഞ്ഞാലിമരയ്ക്കാരുടെ സ്മാരകം പുനരുദ്ധരിക്കാനുള്ള പ്രവൃത്തി ഒരു വർഷം മുൻപ് ഉദ്ഘാടനം ചെയ്തിട്ടും ജോലി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തി ആരംഭിക്കാനും പണി പൂർത്തിയാക്കാനും കാലതാമസമൊഴിവാക്കാൻ നടപടി എടുക്കുമോ;

(സി) ഇപ്പോൾ പ്രസ്തുത സ്മാരകത്തിൽ ചെയ്തു തീർക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തി എന്താണെന്നും ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുഞ്ഞാലിമരയ്ക്കാർ സ്മാരകത്തിന്റെ സമഗ്രമായ സ്ട്രക്ചറൽ കൺസർവേഷൻ പണികൾ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) കാലതാമസമൊഴിവാക്കി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) കുഞ്ഞാലിമരയ്ക്കാർ സ്മാരകത്തിന്റെ കീഴ്ക്കൂടിന്റേയും മേൽക്കൂരയുടെയും സമഗ്രമായ അറ്റകുറ്റപ്പണികൾ നടത്തുക, സീലിംഗ് തറയ്ക്കുക, വളപ്പിന്റെ ലാന്റ് സ്കേപ്പ് തയ്യാറാക്കുക, പൂന്തോട്ടം നിർമ്മിക്കുക, സന്ദർശകർക്കും ജീവനക്കാർക്കും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക മുതലായ പണികളാണ് ചെയ്തുവരുന്നത്. പ്രസ്തുത പണികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്നതാണ്.

44 (1149) തകഴിക്ക് സ്മാരകം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly